**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1146** **02-02-2026 - ൽ മറുപടിയ്ക്ക്**

**ജലജീവൻ മിഷൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ്,<br>ശ്രീ. പി. ജെ. ജോസഫ്,<br>ശ്രീ. അനൂപ് ജേക്കബ് ,<br>ശ്രീ. മാണി. സി. കാപ്പൻ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ജൽജീവൻ മിഷൻ പദ്ധതി നടപ്പാക്കുന്നതിൽ നിലവിൽ ഗുരുതരമായ സാമ്പത്തിക പ്രതിസന്ധി നേരിടുന്നതായി കണക്കാക്കുന്നുണ്ടോ; വിശദമാക്കാമോ; | (എ) | കേന്ദ്ര സംസ്ഥാന സർക്കാരുകൾ 50:50 എന്ന അനുതാപത്തിലാണ് ജൽജീവൻ മിഷൻ പദ്ധതി നടപ്പിലാക്കുന്നത്. ആകെ ഭരണാനുമതി നൽകിയ 44714.79 കോടി രൂപയിൽ ഇതു വരെ 13643.59 കോടി രൂപ കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ വിഹിതമായി ലഭിച്ചിട്ടുണ്ട്. (കേന്ദ്ര വിഹിതം-5610.31 കോടി, സംസ്ഥാന വിഹിതം - 8033.29 കോടി)<br><br>നിലവിൽ പൂർത്തീകരിച്ച പ്രവർത്തികളുടെ വകയിൽ കരാറുകാർക്ക് 18.12.2025ലെ കണക്ക് പ്രകാരം 6886.39 കോടി രൂപ (6340 ബില്ലുകൾ - 2024 മാർച്ച് മുതലുള്ളത്) കുടിശ്ശിക നല്കുവാനുണ്ട് .<br><br>2025-26 സാമ്പത്തിക വർഷത്തിൽ പദ്ധതിയുടെ ഭാഗമായുള്ള കേന്ദ്രസർക്കാർ വിഹിതം ഇതുവരെ ലഭ്യമായിട്ടില്ല. ഫണ്ടിന്റെ അഭാവം പദ്ധതിയുടെ പുരോഗതിയെ നിലവിൽ ബാധിച്ചിട്ടുണ്ട്. ഇത് തരണം ചെയ്യാനായി സംസ്ഥാന വിഹിതത്തിനു നബാർഡിൽ നിന്നും വായ്പ എടുക്കുവാൻ 09/09/2025 ലെ മന്ത്രിസഭായോഗം അംഗീകാരം നൽകി.<br><br>ഇതിന്റെ അടിസ്ഥാനത്തിൽ 15.09.2025-ലെ G.O.(Ms) No.67/2025/WRD ഉത്തരവ് പ്രകാരം, 9000 കോടി രൂപയുടെ വായ്പയ്ക്ക് തത്വത്തിൽ അനുമതി നൽകുകയും, ഇതിൽ ആദ്യ ഘട്ടമായി 5000 കോടി രൂപ കടമെടുക്കാൻ സർക്കാർ അനുവദിക്കുകയും ചെയ്തു.<br><br>തുടർന്ന് , SNA-SPARSH സംവിധാനത്തിന് കീഴിൽ "സംസ്ഥാന വിഹിതം" എന്ന രീതിയിൽ ചെലവ് ഉറപ്പാക്കുന്നതിനായി, 5,000 കോടി രൂപ "0215-01-102-98 - Receipts from Rural Water Supply - Receipt on account of NABARD Loan availed |

| | | | |
|---|---|---|---|
| | | | by KWA for implementation of Jal Jeevan Mission" എന്ന ശീർഷകത്തിൽ അടവാക്കിയിട്ടുണ്ട്.<br><br>പദ്ധതിയുടെ ഭാഗമായുള്ള നിലവിലുള്ള ബാധ്യതകൾ തീർക്കുന്നതിനായി, മേൽപ്പറഞ്ഞ തുകയിൽ നിന്നും 3,750 കോടി രൂപ "4215-01-102-92-(02) Jal Jeevan Mission (NRDWP)" എന്ന ശീർഷകത്തിൽ വകയിരുത്തി കേരള വാട്ടർ അതോറിറ്റിക്ക് അനുവദിച്ചുകൊണ്ട് 20-01-2026-ൽ G.O.(Rt) No.61/2026/WRD പ്രകാരം ഉത്തരവായിട്ടുണ്ട് . |
| (ബി) | കേന്ദ്രസർക്കാർ വിഹിതം സമയബന്ധിതമായി ലഭിക്കാത്തതും സംസ്ഥാന വിഹിതത്തിന്റെ ലഭ്യതയിൽ ഉണ്ടായ തടസ്സങ്ങളും ജൽജീവൻ മിഷൻ പദ്ധതിയുടെ പുരോഗതിയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ബി) | കേന്ദ്ര സംസ്ഥാന സർക്കാരുകളിൽ നിന്നുള്ള ഫണ്ടിന്റെ അപര്യാപ്തത പ്രവൃത്തികളുടെ പുരോഗതിയെ നിലവിൽ ബാധിച്ചിട്ടുണ്ട്. ഇതു വരെ 5610.30 കോടി രൂപ കേന്ദ്ര വിഹിതമായും 8033.29 കോടി രൂപ സംസ്ഥാന വിഹിതമായും ലഭിച്ചിട്ടുണ്ട്. (ആകെ – 13643.59 കോടി രൂപ). ഇതിൽ 11643.59 കോടി രൂപ ചിലവഴിച്ചിട്ടുണ്ട്.<br>നിലവിൽ പൂർത്തീകരിച്ച പ്രവൃത്തികളുടെ വകയിൽ കരാറുകാർക്ക് 18.12.2025ലെ കണക്ക് പ്രകാരം 6886.39 കോടി രൂപ (6340 ബില്ലുകൾ - 2024 മാർച്ച് മുതലുള്ളത്) കുടിശ്ശിക നല്കുവാനുണ്ട്.<br><br>2025-26 സാമ്പത്തിക വർഷം ഇതു വരെ കേന്ദ്ര വിഹിതം ലഭ്യമായിട്ടില്ല. ഫണ്ടിന്റെ അഭാവം പദ്ധതിയുടെ പുരോഗതിയെ നിലവിൽ ബാധിച്ചിട്ടുണ്ട്. ഇതു തരണം ചെയ്യാനായി സംസ്ഥാന വിഹിതത്തിനു നബാർഡിൽ നിന്നും 9000 കോടി രൂപ വായ്പ എടുക്കുവാൻ 09/09/2025 ലെ മന്ത്രിസഭായോഗം അംഗീകാരം നൽകി . ആയതിൽ 5000 കോടി രൂപ നബാർഡിൽ നിന്നും അനുവദിക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) | സാമ്പത്തിക പരിമിതികളും ഭരണപരമായ തടസ്സങ്ങളും കാരണം ജൽജീവൻ മിഷൻ പദ്ധതികളുടെ പൂർത്തീകരണത്തിൽ സംസ്ഥാനത്ത് കാലതാമസം ഉണ്ടായിട്ടുണ്ടോയെന്ന് വിശദമാക്കുമോ; | (സി) | സാമ്പത്തിക പ്രതിസന്ധി പദ്ധതിയുടെ പുരോഗതിയെ നിലവിൽ ബാധിച്ചിട്ടുണ്ട്. പദ്ധതി നടപ്പിലാക്കുന്നതിനായി ആവശ്യമായ ഭൂമി ലഭ്യമാക്കുന്നതിൽ നേരിടുന്ന കാലതാമസം പദ്ധതിയുടെ പുരോഗതിയെ ബാധിച്ചു. കൂടാതെ, പൊതുനിരത്തുകളിൽ പൈപ്പുകൾ സ്ഥാപിക്കുന്നതിനായി ദേശീയ പാത, പൊതുമരാമത്ത്, റെയിൽവേ, വനം മുതലായ വിവിധ ഏജൻസികളിൽ നിന്നും അനുമതി ലഭിക്കുന്നതിനുള്ള കാലതാമസം തുടങ്ങിയവയും പദ്ധതി നിർവ്വഹണത്തിൽ തുടക്കത്തിൽ കാലതാമസം വരുത്തിയിട്ടുണ്ട് |
| (ഡി) | ജൽജീവൻ മിഷൻ പദ്ധതികളുടെ കാലതാമസം മൂലം ഗ്രാമീണ മേഖലകളിലെ ജനങ്ങൾ കുടിവെള്ള | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് . ജൽജീവൻ മിഷൻ പദ്ധതി ഗ്രാമീണ മേഖലയിലെ എല്ലാ വീട്ടുകൾക്കും ഗാർഹിക കുടിവെള്ള കണക്ഷനുകൾ നൽകുവാനാണ് |

ലഭ്യതയ്ക്ക് ബുദ്ധിമുട്ടുകൾ നേരിടുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

ലക്ഷ്യമിട്ടുള്ളത്. ഇതിനാവശ്യമായ പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ജൽജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്ത് നടപ്പിലാക്കി വരുന്ന പദ്ധതികളുടെ ഉല്പാദന ഘടകങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് കൂടുതൽ കുടിവെള്ള കണക്ഷനുകൾ നൽകുവാൻ സാധിക്കും.

ദേശീയ തലത്തിൽ 2019-ൽ ജൽജീവൻ മിഷൻ പദ്ധതി ആരംഭിച്ചെങ്കിലും കേരളത്തിൽ പദ്ധതി പ്രവർത്തനം ആരംഭിച്ചത് 2020 ഒക്ടോബറിലാണ്. പദ്ധതി ആരംഭിക്കുമ്പോൾ കേരളത്തിലെ ഗ്രാമീണ വീടുകളിൽ കവറേജ് 25%ൽ താഴെയായിരുന്നു, കേരളത്തിൽ ഗ്രാമീണ-നഗര തലത്തിൽ വേർതിരിച്ചെടുക്കാൻ കഴിയാത്ത രീതിയിലുള്ള ആവാസ വ്യവസ്ഥയുമുണ്ട്. കേരളത്തിൽ പ്രധാനമായും ഉപരിതല ജലസ്രോതസ്സുകൾ അടിസ്ഥാനമാക്കിയുള്ള സുസ്ഥിരമായ ബൃഹത് പദ്ധതികളാണ് നടപ്പിലാക്കുന്നത്. കൂടാതെ, ദേശീയതലത്തിലെ മാനദണ്ഡങ്ങളിൽ (പ്രതിദിനം ആളോഹരി 55 ലിറ്റർ) നിന്ന് വ്യത്യസ്തമായി, കേരളത്തിൽ പ്രതിദിനം ആളോഹരി 100 ലിറ്റർ ആവശ്യകത അടിസ്ഥാനമാക്കിയുള്ള പദ്ധതികളാണ് നടപ്പിലാക്കുന്നത്. പദ്ധതി ആരംഭിക്കുമ്പോൾ പല പ്രദേശങ്ങളിലും കുടിവെള്ള വിതരണ പദ്ധതികൾ ഇല്ലായിരുന്നു. ആയതിനാൽ പല ഇടങ്ങളിലും പുതുതായി പദ്ധതികൾ ആവിഷ്കരിക്കേണ്ടി വന്നു. പദ്ധതി നടപ്പിലാക്കുന്നതിനായി ആവശ്യമായ ഭൂമി ലഭ്യമാക്കുന്നതിൽ നേരിടുന്ന കാലതാമസം പദ്ധതിയുടെ പുരോഗതിയെ ബാധിച്ചു. കൂടാതെ, പൊതുനിരത്തുകളിൽ പൈപ്പുകൾ സ്ഥാപിക്കുന്നതിനായി ദേശീയ പാത, പൊതുമരാമത്ത്, റെയിൽവേ, വനം മുതലായ വിവിധ ഏജൻസികളിൽ നിന്നും അനുമതി ലഭിക്കുന്നതിനുള്ള കാലതാമസം തുടങ്ങിയവയും പദ്ധതിനിർവ്വഹണത്തിൽ കാലതാമസം വരുത്തിയിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി പുതിയ പൈപ്പുകൾ സ്ഥാപിക്കുന്ന പ്രവർത്തനങ്ങൾ വേഗത്തിലാക്കുന്നതിന് തദ്ദേശ സ്വയംഭരണം, പൊതുമരാമത്ത്, ജലവിഭവം, റവന്യൂ എന്നീ വകുപ്പുകളുടെ ഏകോപനം ഉറപ്പാക്കിയിട്ടുണ്ട്. കൂടാതെ സംസ്ഥാനത്തെ എല്ലാ ജില്ലകളിലും നടപ്പിലാക്കിവരുന്ന ജൽജീവൻ മിഷൻ പ്രവൃത്തികളുടെ പുരോഗതി അവലോകനം ചെയ്ത് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നുണ്ട്. ചീഫ് സെക്രട്ടറി, ജലവിഭവ വകുപ്പ് അഡിഷണൽ ചീഫ് സെക്രട്ടറി, സംസ്ഥാന മിഷൻ ഡയറക്ടർ തുടങ്ങിയവരുടെ നേതൃത്വത്തിൽ കൃത്യമായ ഇടവേളകളിൽ

| | | | |
|---|---|---|---|
| | | | അവലോകന യോഗങ്ങൾ നടത്തി പുരോഗതി വിലയിരുത്തി ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നുണ്ട്. ഇതോടൊപ്പം ബഹു: MLA, ബഹു: MP, ജില്ലാ കളക്ടർ തുടങ്ങിയവരുടെ നേതൃത്വത്തിൽ ഉദ്യോഗതല മീറ്റിംഗുകളും നടത്തിവരുന്നു. വിവിധ വകുപ്പുകളുടെ സഹകരണം ആവശ്യമായി വരുന്ന ഘട്ടങ്ങളിൽ പ്രസ്തുത വകുപ്പുകളുമായി ബന്ധപ്പെട്ട് സഹകരണം ഉറപ്പാക്കി സംയുക്ത പരിശോധന, ചർച്ചകൾ എന്നിവ നടത്തി പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നു. |
| (ഇ) | ജൽജീവൻ മിഷൻ പദ്ധതി നടപ്പാക്കലിലെ സാമ്പത്തിക പ്രതിസന്ധിയും കാലതാമസവും പരിഹരിക്കുന്നതിനായി അടിയന്തരവും ദീർഘകാലവുമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ അവ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ? | (ഇ) | സാമ്പത്തിക പ്രതിസന്ധിയും കാലതാമസവും തരണം ചെയ്യാനായി സംസ്ഥാന വിഹിതത്തിനു നബാർഡിൽ നിന്നും വായ്പ എടുക്കുവാൻ 09/09/2025 ലെ മന്ത്രിസഭായോഗം അംഗീകാരം നൽകി. ഇതിന്റെ അടിസ്ഥാനത്തിൽ 15.09.2025-ലെ G.O.(Ms) No.67/2025/WRD ഉത്തരവ് പ്രകാരം, 9000 കോടി രൂപയുടെ വായ്പയ്ക്ക് തത്വത്തിൽ അനുമതി നൽകുകയും, ഇതിൽ ആദ്യ ഘട്ടമായി 5000 കോടി രൂപ കടമെടുക്കാൻ സർക്കാർ അനുവദിക്കുകയും ചെയ്തു.<br>തുടർന്ന്, SNA-SPARSH സംവിധാനത്തിന് കീഴിൽ "സംസ്ഥാന വിഹിതം" എന്ന രീതിയിൽ ചെലവ് ഉറപ്പാക്കുന്നതിനായി, 5,000 കോടി രൂപ "0215-01-102-98 - Receipts from Rural Water Supply - Receipt on account of NABARD Loan availed by KWA for implementation of Jal Jeevan Mission" എന്ന ശീർഷകത്തിൽ അടവാക്കിയിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായുള്ള നിലവിലുള്ള ബാധ്യതകൾ തീർക്കുന്നതിനായി, മേൽപ്പറഞ്ഞ തുകയിൽ നിന്നും 3,750 കോടി രൂപ "4215-01-102-92-(02) Jal Jeevan Mission (NRDWP)" എന്ന ശീർഷകത്തിൽ വകയിരുത്തി അനുവദിച്ചുകൊണ്ട് 20-01-2026-ലെ G.O.(Rt) No.61/2026/WRD പ്രകാരം ഉത്തരവായിട്ടുണ്ട്.<br><br>കൂടാതെ അഡീഷണൽ ബോറോയിങ്ങിനു അനുമതി നൽകണമെന്നാവശ്യപ്പെട്ട് കേന്ദ്ര ധനകാര്യ വകുപ്പ് മന്ത്രിക്ക് സംസ്ഥാന സർക്കാർ കത്ത് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ